# മോശ

## (നോവൽ–3)

ജോൺ ഇളമത

കുതിരകൾ ഓടിക്കിതച്ച് ബത്തിയ രാജകുമാരിയുടെ കൊട്ടാരത്തിനു മുമ്പി ലെത്തി. ഫറവോ സേത്തിയുടെ ഏകസഹോദരിയാണ് എന്റെ അമ്മ ബത്തിയ.

അമ്മ എന്നെകാത്ത് പൂമുഖത്ത് തന്നെ നിന്നിരുന്നു.

ഞാനും നെഫർടാറിയും കൈകോർത്തു പിടിച്ച് കൊട്ടാരത്തിലേക്കു പ്രവേശിച്ചു.



അമ്മ ഞങ്ങളെ ഇരുവരെയും ചുംബിച്ചു, എന്നിട്ട് മൊഴിഞ്ഞു:

''നെഫർടാറിക്ക് നല്ല വളർച്ചയുണ്ട്.''

നാണംകൊണ്ട് അവളുടെ കവിളുകൾ ചുവക്കുന്നതു ഞാൻ കണ്ടു.

അപ്പോൾ മെമ്മറ്റ് നിഴലപോലെ വന്ന് അമ്മയ്ക്കു പുറകിൽനിന്നു.

അമ്മയുടെ ദാസിയാണ് മെമ്മറ്റ്. പരമ്പരാഗതമായി ദാസിവേല ചെയ്യുന്ന കൂറുള്ള വർഗ്ഗം!

മെമ്മറ്റിന്റെ മുഖം പ്രസാദമില്ലാതെ കാണപ്പെട്ടു. അല്ലെങ്കിൽതന്നെ മെമ്മറ്റിന്റെ സ്ഥായിയായ ഭാവം അങ്ങനെതന്നെയാണ്. ചിരിക്കാനറിയാത്ത സ്ത്രീ. കണ്ടാൽ ഒരുതരം പകയും ഗൗരവും ഉള്ളതുപോലെ തോന്നും. പുരുഷബന്ധം ഒരിക്കലും ഇഷ്ടപ്പെടാത്ത സ്ത്രീയാണ്.

എന്റെ അമ്മയുടെ ആജ്ഞകൾ അവൾ വരവണ്ണം തെറ്റാതെ പാലിക്കും.

മെമ്മറ്റ് നെഫർടാറിയെ തുറിച്ചുനോക്കുന്നതുപോലെ എനിക്കു തോന്നി.

''നെഫർടാറി വളർന്നു അല്ലേ, മെമ്മറ്റ്?''

അമ്മ അവളോട് അഭിപ്രായം ആരാഞ്ഞു.

അവൾ അല്പനേരം മൗനം പുണ്ടുനിന്നു. പിന്നീട് താണ സ്വരത്തിൽ മൊഴിഞ്ഞു:

''അടുത്ത ഫറവോന്റെ രാജ്ഞിയാകേണ്ട കുമാരിയാണ്. കളിയും തമാശയും ഒക്കെ കളയേണ്ട പ്രായമായിവരുന്നു.''

മെമ്മറ്റ് എന്താണ് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് മനസ്സിലായില്ല.

അമ്മ പുഞ്ചിരിയോടെ പറഞ്ഞു:

'അടുത്ത ഫറവോ എന്റെ മകൻ മോശയാണ്. അങ്ങനെ തന്നെയാണ് ഫറവോ സേത്തിയുടെ മനസ്സിലും''.

മെമ്മറ്റിന്റെ പുരികക്കൊടികൾ വില്ലുപോലെ വളയുന്നത് ഞാൻ ശ്രദ്ധിച്ചു.
''മോശയ്ക്ക് രാജ്ഞിയായി നെഫർടാറി നല്ല ചേർച്ച ആയിരിക്കില്ലേ?''

അമ്മ വീണ്ടും ചോദിച്ചു; നെഫർടാറിയും ഞാനും കണ്ണിൽ കണ്ണിൽ നോക്കി, സ്വപ്നങ്ങൾ നെയ്തു!

പെട്ടെന്ന് മെമ്മറ്റിന്റെ മുഖം കറുക്കുന്നതു ഞാൻ കണ്ടു. അവൾ ആരോടെന്നില്ലാതെ പിറുപിറുത്തു:

''ഈജിപ്റ്റിനെ ഭരിക്കുന്ന ഫറവോമാർ എല്ലാതരത്തിലും സംപൂർണ്ണരായിരിക്കണം.''

മെമ്മറ്റ് എന്നിൽ ഏതോ കുറ്റം കണ്ടുപിടിക്കാനുള്ള ശ്രമത്തിലാണോ എന്നെനിക്ക് തോന്നി.

എനിക്കെന്താണ് കുറവ്? പാരമ്പര്യം അനുസരിച്ച് ഫറവോന്റെ പുത്രിയെ പാണിഗ്രഹണം ചെയ്യുന്ന ആളായിരിക്കും അടുത്ത ഫറവോ? അത് ഏറ്റവും അടുത്ത രക്തബന്ധത്തിലുള്ളവനായിരിക്കണം. എന്നെയും റാംസ്സിസിനെയും തുലനം ചെയ്താൽ എനിക്കാണ് ഫറവോമാരുടെ കറയില്ലാത്ത രക്തം. ഒരുതരത്തിൽ നോക്കിയാൽ അവൻ ഫറവോന് നർത്തകിയിലുണ്ടായ മകനല്ലേ. പിന്നെ എനിക്ക് ആകെയുള്ള ചില്ലറ ബുദ്ധിമുട്ട് സംസാരിച്ച് ആവേശഭരിതനാകുമ്പോൾ വാക്കുകൾ മുറിഞ്ഞുപോകുന്ന ചെറിയ ഒരു വിക്കുണ്ട്. അതൊരു തടസ്സമായി കരുതാൻ അവൾ ശ്രമിക്കുകയാണോ?

അമ്മ മെമ്മറ്റിനെ രൂക്ഷമായി നോക്കി ആജ്ഞാപിച്ചു:

'നീ ഫറവോന്റെ സഹോദരിയുടെ ദാസിയാണ്. കൊട്ടാരകാര്യങ്ങളിൽ നിന്റെ അഭിപ്രായം ചോദിച്ച ഞാൻ മഠയി ആണെന്ന് എനിക്കിപ്പോൾ തോന്നുന്നു.'

നെഫർടാറിക്കും മെമ്മറ്റിന്റെ പ്രസ്താവന അതൃപ്തി ഉളവാക്കി. അവൾ പറഞ്ഞു:

''അമ്മായി, ഇവൾ നന്ദി ഇല്ലാത്തവളാണ്. ഇവൾക്ക് കൂടുതൽ സ്വാതന്ത്ര്യം കൊടുക്കുന്നതുകൊണ്ട് ഇവൾ അമ്മായിയെ ഭരിക്കുന്നു.''

എനിക്കും അതുതന്നെയായിരുന്നു പറയാനുണ്ടായിരുന്നത്. മെമ്മറ്റിനോട് അമ്മയ്ക്ക് ഒരുതരം ആരാധനപോലെയാണ്. ദാസി എന്നതിൽക്കവിഞ്ഞ് അവൾക്ക് അമ്മ എന്തിനാണ് കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്?

അമ്മയുടെ മുഖം ചുവന്നുവന്നു. അമ്മ വികാരാധീനയാകുന്നതുപോലെ എനിക്കു തോന്നി. മുമ്പൊരിക്കലും അമ്മയെ ഞാനീവിധം കണ്ടിട്ടില്ല.

അമ്മ അവളോട് അല്പം ശബ്ദംകൂട്ടി പറഞ്ഞു.:

''എന്റെ മുമ്പിൽ നിന്ന്പോകൂ! മേലിൽ ഞാൻ നിന്നോടു ഇത്തരം അഭിപ്രായങ്ങൾ ചോദിക്കില്ല.''

മെമ്മറ്റ് ദാസിക്കു ചേർന്നവണ്ണം തലകുനിച്ച് അമ്മയെ വണങ്ങി തൽക്ഷണം അപ്രത്യക്ഷയായി.

കൊട്ടാരവും പരിസരവും ഒരു സ്വപ്നംപോലെ കിടന്നു. അങ്ങു ദുരെ നീങ്ങിക്കൊണ്ടിരുന്ന ഒട്ടകങ്ങളുടെ കാരവൻ ഏതോ നഗരനിർമ്മാണത്തിന്റെ സന്നാഹമാണെന്ന് തോന്നി.

റാംസ്സിസ് ഒന്നാമന്റെ മകൻ സേത്തി ഒന്നാമൻ ഫറവോ ആയി ഈജിപ്റ്റിനെ ഭരിക്കുന്നു. സേത്തി ഫറവോമാരുടെ നിരയിലെ ഒരു സ്വർണ്ണനക്ഷത്രമാണ്. അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന നഗരനിർമ്മാണം അദ്ദേഹത്തിന് ഹരമാണ്. ഒട്ടകങ്ങളുടെ പാദമുദ്രകൾ പതിഞ്ഞ മണ്ണിൽ മായാപ്രഞ്ചം തീർക്കാനാണ് സേത്തിക്കു താത്പര്യം.

ആയിരക്കണക്കിന് അടിമകളുടെ രക്തം വിയർത്താണ് അത്ഭുതങ്ങൾ ഉയരുന്നത്. ചതുരാകൃതിയിലുള്ള തലമുണ്ട് ധരിച്ച ഫറവോന്റെ പട്ടാളക്കാരുടെ ചാട്ടവാറുകളുടെ ശീൽക്കാരം ഏങ്ങും കേൾക്കാം.

അടികൊണ്ടുപുളയുന്ന എബ്രായക്കാരായ അടിമകളെപ്പറ്റി ഓർക്കുമ്പോൾ ഇടയ്ക്കിടെ എന്റെ മനസ്സിന്റെ താളം തെറ്റാറുണ്ട്. അവരുടെ വേദനയും നിസ്സഹായതയും മരുഭൂമിയിൽ ആരുംകാണാനില്ലാതെ ആവിയായിപോകുകയല്ലേ!

ഈ വർഗ്ഗത്തിന് എന്ന് സ്വാതന്ത്ര്യമുണ്ടാകും? അടിമകൾക്ക് അവരുടെ ദൈവമുണ്ട്. അവ അവരുടെ ദൈവത്തെ 'യഹോവ' എന്നാണ് വിളിക്കുന്നത്. അവർ പറയാറുള്ള ദൈവം, അവരുടെ പൂർവ്വപിതാക്കന്മാരായ അബ്രാഹമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം.

ആ ദൈവം എന്തിനാണ് ഇവരെ ഇത്ര ക്രൂരമായി ശിക്ഷിക്കുന്നത്.

മോശ അഗാധമായ ചിന്തയിൽ പൂണ്ടുനിന്നപ്പോൾ നെഫർടാറി അവന്റെ കൈവലയത്തിൽ ഒതുങ്ങികൊഞ്ചി:

''പ്രിയനേ, വരൂ! നമുക്ക് ഉദയാനത്തിൽ ഉലാത്താം, അവിടെ എന്റെ മുടിയിൽ ചൂടാൻ നീ ഒരു പൂ തിരഞ്ഞെടുത്തു തരൂ!''

അപ്പോൾ അവൻ അവളുടെ ചെവിയിൽ മന്ത്രിച്ചു:

‘നീ രാജ്ഞികളുടെ രാജ്ഞിയാണ്. നൈൽ നദീതീരത്തു വിടർന്ന സ്വർണ്ണ ത്താമര!’’.

(തുടരും......)